**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 1031 12.12.2012 ൽ മറുപടിക്ക്

**ഉത്തരവാദിത്ത ടൂറിസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. റ്റി.എൻ.പ്രതാപൻ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | എ) വിനോദ സഞ്ചാര മേഖലയിൽ പ്രാദേശിക ജനതയുടെ പങ്കാളിത്തം , ടൂറിസം വികസനത്തിന്റെ ഗുണഫലം അവർക്ക് ഉറപ്പാക്കുക, കുടുംബങ്ങളേയും വ്യക്തികളേയും ടൂറിസം വ്യവസായത്തിനാവശ്യമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനും വിതരണം ചെയ്യാനും പ്രാപ്തരാക്കുകയും, അങ്ങനെ സാധാരണ ജനങ്ങൾക്ക് ടൂറിസത്തിൽ നിന്നും പരമാവധി പ്രയോജനങ്ങൾ ലഭ്യമാക്കുക, സാമൂഹിക പാരിസ്ഥിതിക തലത്തിൽ ദൂഷ്യഫലങ്ങൾ കുറയ്ക്കുക, സമുഹത്തിന് പ്രകൃതി, സംസ്കാരം, പാരമ്പര്യം എന്നിവയുമായി പൊരുത്തപ്പെട്ടു ജീവിക്കുവാൻ സാദ്ധ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |
| ബി) എത്ര വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) കോവളം,കുമരകം,കുമ്പളങ്ങി, തേക്കടി, വൈത്തിരി,അമ്പലവയൽ, ബേക്കൽ എന്നീ ഏഴു ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. |
| സി) എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും പ്രസ്തുത പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; | സി) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലും ഘട്ടം ഘട്ടമായി പദ്ധതി നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. |
| ഡി) പദ്ധതി നടപ്പാക്കുന്നതിന് ആരുടെയെല്ലാം സഹകരണം തേടുന്നുണ്ട്; വിശദമാക്കുമോ;<br><br>ഇ) തദ്ദേശവാസികൾ , സന്നദ്ധസംഘടനകൾ , തദ്ദേശസ്ഥാപനങ്ങൾ എന്നിവരുടെ സഹകരണം പദ്ധതി നടത്തിപ്പിനായി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ? | ഡി) & ഇ) ടൂറിസം ഇൻഡസ് ട്രി , തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ , തദ്ദേശവാസികൾ, മറ്റു സർക്കാർ വകുപ്പുകൾ , സർക്കാരിതര സംഘടനകൾ, മാധ്യമങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ